2024
JUNE
19
WEDNESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# തമിഴ്നാട്ടിലേക്കുള്ള അന്തർ സംസ്ഥാന ബസ് സർവീസുകൾ റദ്ദാക്കി

## കേന്ദ്ര പദ്ധതി അംഗീകരിക്കില്ലെന്നും തമിഴ്നാട്ടിലും നികുതി വേണമെന്നും സർക്കാർ

**കൊച്ചി:** കേരളത്തിൽ നിന്ന് തമിഴ്നാട്ടിലേക്കുള്ള അന്തർ സംസ്ഥാന ബസ് സർവീസുകൾ വ്യാപകമായി റദ്ദാക്കി. വൺ ഇന്ത്യ വൺ ടാക്സ് പദ്ധതിയുടെ ഭാഗമായി കേന്ദ്ര സർക്കാരിനെതിരെ സ്റ്റാലിൻ സ്വീകരിച്ച പുതിയ പരിഷ്കാരങ്ങളിൽ പ്രതിഷേധിച്ചാണ് നടപടി. കേന്ദ്ര പദ്ധതി അംഗീകരിക്കില്ലെന്നും തമിഴ്നാട്ടിലും നികുതി വേണമെന്നും തമിഴ് നാട് സർക്കാർ ആവശ്യപ്പെടുന്നു.

തമിഴ്നാട്ടിൽ രജിസ്റ്റർ ചെയ്യാത്ത വാഹനങ്ങൾ കൂടുതൽ നികുതി നൽകണമെന്നാണ് തമിഴ്നാട് മോട്ടോർ വാഹന വകുപ്പിന്റെ നിലപാട്. ഇതേതുടർന്നാണ് കേരളത്തിൽ നിന്നുള്ള ബസുകൾ സർവീസ് റദ്ദാക്കാൻ തീരുമനിച്ചത്.



സ്റ്റാലിന്റെ നിലപാട് അംഗീകരിക്കാൻ കഴിയില്ലെന്നാണ് ബസ്സുടമകളുടെ നിലപാട്. ഇതിനെതിരെ കേന്ദ്രത്തെയും കോടതികളേയും സമീപിക്കുമെന്നും ബസ്സുടമകൾ പറഞ്ഞു.

ബസുകളുടെ യാത്ര മുടങ്ങിയതോടെ ഒട്ടേറെ യാത്രക്കാരും പ്രതിസന്ധിയിലായി.



# കൊച്ചിയിൽ ഫ്ളാറ്റ് സമുച്ചയത്തിൽ 338 പേർക്ക് ഛർദിയും വയറിളക്കവും; വില്ലനായത് കുടിവെള്ളം

**കൊച്ചി:** കാക്കനാട്ടെ ഡിഎൽഎഫിന്റെ ഫ്ളാറ്റ് സമുച്ചയത്തിൽ 338 പേർക്ക് ഛർദിയും വയറിളക്കവും. കുടിവെള്ളത്തിൽനിന്നാണ് രോഗബാധയെന്നു സംശയിക്കുന്നു. ആരോഗ്യവകുപ്പിന്റെ റിപ്പോർട്ട് വന്നശേഷമേ ഇക്കാര്യം സ്ഥിരീകരിക്കാനാകൂ. 15 ടവറുകളിലായി 1268 ഫ്ളാറ്റുകളിൽ 5000ത്തിലേറെ പേർ ഇവിടെ താമസിക്കുന്നുണ്ട്. ജല അതോറിറ്റി, മഴവെള്ള സംഭരണി, കുഴൽകിണർ, കിണർ, ടാങ്കർ വെള്ളം എന്നിവിടങ്ങളിലെ വെള്ളമാണ് ഫ്ളാറ്റിലെ താമസക്കാർ ഉപയോഗിച്ചത്.

രോഗലക്ഷണങ്ങൾ തുടങ്ങിയത് മേയ് അവസാനവാരമാണ്. ആരോഗ്യ മന്ത്രിയുടെ ഓഫിസിൽ ഇന്നലെ വിളിച്ച് പരാതി പറഞ്ഞശേഷമാണ് ആരോഗ്യവകുപ്പ് അധികൃതർ എത്തിയതെന്ന് താമസക്കാർ ആരോപിച്ചു. അഞ്ഞൂറിലധികം പേർക്ക് രോഗബാധയുണ്ടായതായി സംശയിക്കുന്നതായി ഫ്ളാറ്റിലെ താമസക്കാർ പറഞ്ഞു. ജില്ലാ മെഡിക്കൽ ഓഫിസറോട് ആരോഗ്യമന്ത്രി റിപ്പോർട്ട് തേടി.കഴിഞ്ഞ 2 മാസത്തോളമായി ഛർദിയും വയറിളക്കവുമായി പലരും ചികിത്സ തേടിയിരുന്നു.

ഫ്ളാറ്റിൽ ഉപയോഗിക്കുന്ന വെള്ളത്തിൽ ഇ കോളി ബാക്ടീരിയയുടെ സാന്നിധ്യം കണ്ടെത്തിയിരുന്നതായും റിപ്പോർട്ടുണ്ട്. ഫ്ളാറ്റിലെ താമസക്കാരിലൊരാൾ മന്ത്രിയെ വിളിച്ചു പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പ് അധികൃതരെ മന്ത്രി ഇടപെട്ട് ഫ്ളാറ്റുകളിലേക്ക് അയയ്ക്കുകയായിരുന്നു.

# കർണാടകയിൽ പെട്രോളിനും ഡീസലിനും വില കൂട്ടി

## പെട്രോൾ ലിറ്ററിന് 3 രൂപയും ഡീസലിന് 3.5 രൂപയും വർധിക്കും

**ബംഗളൂർ:** കർണാടക സർക്കാർ ഇന്ധന വിൽപ്പന നികുതി വർധിപ്പിച്ചു. പെട്രോളിന്റെ വിൽപ്പന നികുതി 3.92 ശതമാനം വർധിപ്പിച്ച് 25.92ൽ നിന്ന് 29.84 ശതമാനമായി ഉയർത്തി. ഡീസൽ നികുതി 14.34ൽ നിന്ന് 18.44 ശതമാനമാക്കി. 4.1 ശതമാനമാണ് വർധന. ഇതോടെ പെട്രോൾ ലിറ്ററിന് 3 രൂപയും ഡീസലിന് 3.5 രൂപയും വർധിക്കുമെന്ന് ഔദ്യോഗിക വൃത്തങ്ങൾ അറിയിച്ചു.

എന്നാൽ പെട്രോൾ വില വർദ്ധനവോടെ അവശ്യ സാധനങ്ങളുടെ വിലയും കുതിച്ച് ഉയരുമെന്ന ആശങ്കയിലാണ് ജനങ്ങൾ. വില വർദ്ധനവ് നേരിട്ടും അല്ലാതെയും മലയാളികളേയും ബാധിക്കും. കേരളത്തിലേക്കുള്ള ചരക്കുഗതാഗതത്തിന് ചെലവേറുന്നതോടെ പരോക്ഷമായ വിലവർധനവിനും ഇത് വഴിവെക്കും.



പെട്രോൾ, ഡീസൽ വില വർധന പിൻവലിക്കണമെന്ന് കർണാടക ബിജെപി അധ്യക്ഷൻ ബി.വൈ. വിജയേന്ദ്ര ആവശ്യപ്പെട്ടു. തിങ്കളാഴ്ച പാർട്ടി സംസ്ഥാന വ്യാപകമായി എല്ലാ ജില്ലാ കേന്ദ്രങ്ങളിലും പ്രതിഷേധ പ്രകടനത്തിന് ആഹ്വാനം ചെയ്തു. സംസ്ഥാനത്തിൻറെ സാമ്പത്തിക സ്ഥിതി മോശമായെന്നാണ് ഇന്ധനവില വർധനവ് തെളിയിക്കുന്നത്. എന്നാൽ ധനസ്ഥിതി മോശമാണെന്ന് അംഗീകരിക്കാൻ മുഖ്യമന്ത്രി തയ്യാറല്ല. ഗ്യാരണ്ടികൾ കാരണം സർക്കാരിന് ഭരണം നടത്താൻ കഴിയുന്നില്ലെന്നും അദ്ദേഹം പറഞ്ഞു.

അശാസ്ത്രീയമായ ഗ്യാരൻറി പദ്ധതികളിലൂടെ സംസ്ഥാനത്തിൻറെ ഖജനാവ് കാലിയാക്കിക്കൊണ്ടാണ് കർണാടകയിലെ കോൺഗ്രസ് സർക്കാർ ഇന്ധന നികുതി ചുമത്തി ഖജനാവ് നിറയ്ക്കാൻ ശ്രമിക്കുന്നതെന്ന് കർണാടക നിയമസഭാ പ്രതിപക്ഷ നേതാവ് ആർ. അശോകൻ പറഞ്ഞു. ഇന്ധന നികുതിവർധനവിലൂടെ ലോക്സഭാ തെരഞ്ഞെടുപ്പിൽ ബിജെപിക്ക് വോട്ട് ചെയ്തതിന് കന്നഡിഗരോട് ജനവിരുദ്ധ സർക്കാർ പ്രതികാരം ചെയ്യുകയാണെന്ന് അദ്ദേഹം കുറ്റപ്പെടുത്തി.



## സംരഭകത്വ സഹായ പദ്ധതി:
# ജില്ലയിൽ അനുവദിച്ചത് 5 കോടി 60 ലക്ഷം രൂപ



**കൊച്ചി:** സംരഭകത്വ സഹായ പദ്ധതി വഴി ജില്ലാ വ്യവസായകേന്ദ്രം സംരംഭകർക്ക് ഈ സാമ്പത്തിക വർഷം അനുവദിച്ചത് 5 കോടി 60 ലക്ഷം രൂപയുടെ ധനസഹായം. 41 അപേക്ഷകളാണ് ഇതു വരെ പരിഗണിച്ചത്. ജില്ലാ കളക്ടർ എൻ. എസ് കെ. ഉമേഷിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് 41 അപേക്ഷകളിൽ അനുവദിച്ചത്. അപേക്ഷകൾ പരിഗണിക്കാൻലളിതമായ നടപടിക്രമങ്ങൾ ആവിഷ്കരിക്കാൻ ജില്ലാ കളക്ടർ ആവശ്യപ്പെട്ടു.സംസ്ഥാനത്ത് പദ്ധതി വഴി ഏറ്റവും കൂടുതൽ ധനസഹായം നൽകിയ ജില്ല എറണാകുളമാണ്. ഈ വർഷത്തെ ആദ്യത്തെ കമ്മിറ്റി ആണ് ജില്ലാ കളക്ടറുടെ ചേംബറിൽ ചേർന്നത്. പദ്ധതി വഴി സഹായം ലഭിക്കാൻ സംരംഭം തുടങ്ങി ഒരു വർഷത്തിനുള്ളിൽ ഇ.എസ്.എസ് പോർട്ടൽ വഴി അപേക്ഷ സമർപ്പിക്കണം. സ്ഥിരം മൂലധന നിക്ഷേപമാണ് പ്രധാന മാനദണ്ഡം. പരമാവധി 40 ലക്ഷം രൂപ വരെ പദ്ധതി വഴി സഹായം നൽകും. സഹായം ലഭിച്ച സംരഭകർ എല്ലാ വർഷവും ജില്ലാ വ്യവസായ കേന്ദ്രത്തിന് പ്രവർത്തന റിപ്പോർട്ട് നൽകണം.ജനറൽ മാനേജർ പി.എ നജീബ്, വ്യവസായ വകുപ്പ്, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ,കെ എസ് ഐ ഡി സി, എൽഡിഎം ഓഫീസു കളിൽ നിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പങ്കെടുത്തു.

## പാലിയേറ്റീവ് നേഴ്സിംഗ് കോഴ്സ്: അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** അരികെ പാലിയേറ്റീവ് ഹോം കെയർ നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കമ്മ്യൂണിറ്റി പാലിയേറ്റീവ് നേഴ്സിംഗ് ഫോർ ഓക്സിലറി നേഴ്സസ് (സിസിസിപിഎൻ) കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. നാലുമാസമാണ് കോഴ്സിന്റെ കാലാവധി. ജൂലൈ ഒന്നിന് ക്ലാസുകൾ ആരംഭിക്കും. കൂടുതൽ വിവരങ്ങൾക്ക് മൊബൈൽ നമ്പർ : 8089454999 , ഇ-മെയിൽ മൃശസലിഹൗശെിഴ@ഴാമശഹ.രീാ എന്നിവയിൽ ബന്ധപ്പെടുക

## പ്രവാസികളുടെ അനിയന്ത്രിത വിമാനയാത്രകൂലി;
# വ്യോമയാന മന്ത്രിക്ക് നിവേദനവുമായി പ്രവാസി ലീഗൽ സെൽ

**ന്യൂഡൽഹി:** പ്രവാസികളുടെ അനിയന്ത്രിത വിമാനയാത്രകൂലിക്ക് പരിഹാരമാവശ്യപ്പെട്ട് പ്രവാസി ലീഗൽ സെൽ. പുതിയതായി നിയമിതനായ കേന്ദ്ര വ്യോമയാന മന്ത്രി കെ. രാംമോഹൻ നായിഡുവിനു നിവേദനം നൽകി. വിഷയത്തിൽ മുൻപും നിവേദങ്ങളും, കോടതിയിൽ ഹർജികളൊക്കെ നൽകിയിരുന്നു എങ്കിലും വിമാന യാത്രക്കൂലി വിഷയത്തിൽ സർക്കാർ ഇടപെടില്ല എന്നും വിമാനയാത്രക്കൂലി കമ്പോളശക്തികൾ നിർണയിക്കും എന്ന നിലപാടാണ് കാലാകാലങ്ങളായി സർക്കാർ എടുത്തുവന്നിരുന്നത്. ഇതിനൊരുമാറ്റമുണ്ടാവണം എന്ന ആവശ്യമാണ് പ്രവാസി ലീഗൽ സെൽ ഗ്ലോബൽ പ്രെസിഡന്റ്റ് അഡ്വ. ജോസ് എബ്രഹാം നൽകിയ നിവേദനത്തിൽ മുഖ്യമായും ആവശ്യപ്പെടുന്നത്.കൂടാതെ എയർസേവാ പോർട്ടൽ കൂടുതൽ ശക്തമാക്കണമെന്നും നിവേദനത്തിൽ ആവശ്യപെടുന്നു. വിമാനയാത്രയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്കു പരിഹാരം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച എയർസേവാ പോർട്ടൽ ഇപ്പോൾ കാര്യക്ഷമമല്ലെന്നും അടുത്തിടെ വ്യാപകമായി വിമാനയാത്രകൾ റദ്ദുചെയ്യപ്പെട്ടപ്പോൾ റീഫണ്ടിനായി എയർസേവാ പോർട്ടൽ വഴി പരാതിപ്പെട്ട പലർക്കും റീഫണ്ട് കിട്ടുന്നില്ല എന്നും നിവേദനത്തിൽ ചൂണ്ടികാണിച്ചു. സൗജന്യമായി പ്രശ്നപരിഹാരം കണ്ടിരുന്ന എയർസേവാ പോർട്ടൽ കാര്യക്ഷമമല്ലാത്തതിനാൽ റീഫണ്ടിനായി കോടതിയെ സമീപിക്കേണ്ട അവസ്ഥയാണെന്നും നിവേദനത്തിൽ ചൂണ്ടിക്കാണിക്കുന്നു.ഗൾഫ് മേഖലയിൽ അവധിസമയമായതിനാൽ വർദ്ധിതമായ വിമാനക്കൂലി പ്രവാസികൾക്ക് കടുത്ത സാമ്പത്തീക ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്നും ആയതിനാൽ കേന്ദ്രസർക്കാർ അനുകൂല നടപടി എടുക്കുമെന്ന് പ്രതീക്ഷിക്കുന്നതായും പ്രവാസി ലീഗൽ സെൽ ഗ്ലോബൽ വക്താവ് ശ്രീ. സുധീർ തിരുനിലത്ത് പറഞ്ഞു.

## കോലഞ്ചേരിയിൽ ഷോറൂം തുറന്ന് ഐഎംടി ക്രിയേഷൻസ്



**കോലഞ്ചേരി:** കോലഞ്ചേരിയിൽ ഐഎംറ്റി ക്രിയേഷൻസിന്റെ ആദ്യ ഷോറൂം തുറന്നു. ഉദ്യാന അകത്തള അലങ്കാര സങ്കൽപ്പങ്ങൾക്ക് മാറ്റ് കൂട്ടുന്നതിനുള്ള ഉൽപ്പന്ന സേവനങ്ങളാണ് ഷോറൂം വഴി ലഭ്യമാകുന്നത്. ഷോറൂമിന്റെ ഉദ്ഘാടനം അജു ജേക്കബ്ബും ആദ്യ വിൽപ്പന ലീലാമ്മ ബേബിയും നിർവ്വഹിച്ചു. കെ.എസ്. മാത്യു സംസാരിച്ചു.നാച്ചുറൽ, സെമി നാച്ചുറൽ ആർട്ടിഫിഷൽ പ്ലാന്റ്സ്, ട്രീസ്, ബോൺസായീസ്, ഫ്ളവർ അറേഞ്ച്മെന്റ്സ്, ആക്സസറീസ്, ഇൻസ്റ്റന്റ് ആന്റ് ബഡ്ജറ്റ് ഗാർഡനിംഗ്, ഇൻസ്റ്റന്റ് ബോൺസായി ചെടികൾ, ഉദ്യാന പരിപാലനം, പുന:ക്രമീകരണം, വാടകയ്ക്കുള്ള ചെടികൾ, വളക്കൂട്ടുകൾ, ഗാർഡനിംഗ് ടൂൾസ് എന്നിവ ഷോറൂം വഴി ലഭ്യമാണ്. ആദായം അലങ്കാരം ആരോഗ്യം എന്ന സങ്കൽപ്പത്തിൽ ഊന്നി പയർ, വെണ്ട, തക്കാളി, പച്ചമുളക് തുടങ്ങി നിത്യോപയോഗ പച്ചക്കറികളുടെ സ്വയംപര്യാപ്തത സമൂഹത്തിൽ സൃഷ്ടിക്കുന്നതിനായി ഈസി ടെക് വെജിറ്റബിൾ ഫാമിംഗ് അടുത്ത പ്രൊജക്ടായി നിലവിൽ വരുമെന്ന് മാനേജിംഗ് പാർട്ട്നർ റ്റി.എം. ബേബിയും പാർട്ട്നർ ഫിലിപ്പ് മാത്യുവും പറഞ്ഞു.

## വിദ്യാർത്ഥികൾക്ക് ഇന്ന് എറണാകുളം പബ്ലിക് ലൈബ്രറി സന്ദർശിക്കാം



**കൊച്ചി:** ജൂൺ 19 വായനാ ദിനത്തിൽ സ്കൂൾ വിദ്യാർത്ഥികൾക്ക് എറണാകുളം പബ്ലിക് ലൈബ്രറി സന്ദർശിക്കാൻ അവസരം. രാവിലെ 10.30 മുതൽ നൂറ്റി അൻപത്തി നാല് വർഷം പഴക്കമുള്ള എറണാകുളം പബ്ലിക് ലൈബ്രറി സംവിധാനം കണ്ടറിയാനും ഒരു വലിയ ലൈബ്രറിയുടെ പ്രവർത്തനം എങ്ങനെ എന്ന് മനസിലാക്കുന്നതിനും കുട്ടികൾക്ക് അവസരം ലഭിക്കും.



# ഇഡി 'എക്സ്ട്രാ ഡീസന്റ്'

ആമിർ പള്ളിക്കൽ സംവിധാനം ചെയ്യുന്ന ഇഡി 'എക്സ്ട്രാ ഡീസന്റി'ന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ റിലീസായി. നർമ്മത്തിന് പ്രാധാന്യം നൽകി ഒരുങ്ങുന്ന ഫാമിലി ഡ്രാമയാണ് എക്സ്ട്രാ ഡീസന്റ്. ഇ ഡിയുടെ ഫസ്റ്റ് ലുക്ക് പോസ്റ്ററിൽ ഇതുവരെ കാണാത്ത വേറിട്ട ഗെറ്റപ്പിലാണ് സുരാജ് വെഞ്ഞാറമ്മൂടിന്റെ കഥാപാത്രം പ്രത്യക്ഷപ്പെടുന്നത്. ലിസ്റ്റിൻ സ്റ്റീഫന്റെ മാജിക് ഫ്രെയ്മ്സും സുരാജ് വെഞ്ഞാറമൂടിന്റെ വിലാസിനി സിനിമാസും ചേർന്നാണ് ഇഡി യുടെ നിർമ്മാണം. ആഷിഫ് കക്കോടിയാണ് ചിത്രത്തിന്റെ രചന നിർവഹിക്കുന്നത്. സുരാജ് വെഞ്ഞാറമൂട് നായകനാകുന്ന ചിത്രത്തിൽ പുതുമുഖ താരം ദിൽനയാണ് നായിക. ഗ്രേസ് ആന്റണി, വിനയപ്രസാദ്, റാഫി, സുധീർ കരമന, ശ്യാം മോഹൻ, പ്രശാന്ത് അലക്സാണ്ടർ, ഷാജു ശ്രീധർ,സജിൻ ചെറുകയിൽ,വിനീത് തട്ടിൽ എന്നിവരാണ് ചിത്രത്തിലെ മറ്റു പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. മൂകാംബികയിൽ ഷൂട്ടിംഗ് ആരംഭിച്ച ഇ.ഡി യുടെ ചിത്രീകരണം ഇപ്പോൾ പാലക്കാടിൽ പുരോഗമിക്കുകയാണ്.കോ പ്രൊഡ്യൂസർ : ജസ്റ്റിൻ സ്റ്റീഫൻ, ലൈൻ പ്രൊഡ്യൂസർ : സന്തോഷ് കൃഷ്ണൻ, ഡി ഓ പി : ഷാരോൺ ശ്രീനിവാസ്, മ്യൂസിക് : അങ്കിത് മേനോൻ, എഡിറ്റർ : ശ്രീജിത്ത് സാരംഗ്, ആർട്ട് : അരവിന്ദ് വിശ്വനാഥൻ, എക്സികുട്ടിവ് പ്രൊഡ്യൂസർ : നവീൻ പി തോമസ്,ഉണ്ണി രവി, വസ്ത്രാലങ്കാരം : സമീറാ സനീഷ്,




മേക്കപ്പ് : റോണക്സ് സേവിയർ, ചീഫ് അസ്സോസിയേറ്റ് : സുഹൈൽ.എം, ലിറിക്സ് : വിനായക് ശശികുമാർ, സുഹൈൽ കോയ, മുത്തു , പ്രൊഡക്ഷൻ കൺട്രോളർ : ഗിരീഷ് കൊടുങ്ങല്ലൂർ,സൗണ്ട് ഡിസൈൻ : വിക്കി, ഫൈനൽ മിക്സ് : എം. രാജകൃഷ്ണൻ, അഡ്മിനിസ്ട്രേഷൻ&ഡിസ്ട്രിബൂഷൻ ഹെഡ് : ബബിൻ ബാബു, പ്രൊഡക്ഷൻ ഇൻ ചാർജ് : അഖിൽ യെശോധരൻ,കാസ്റ്റിംഗ് ഡയറക്ടർ: നവാസ് ഒമർ, സ്റ്റിൽസ്: സെറീൻ ബാബു, ടൈറ്റിൽ & പോസ്റ്റേർസ് : യെല്ലോ ടൂത്ത്സ്, മാർക്കറ്റിംഗ് ആൻഡ് ഡിസ്ട്രിബൂഷൻ : മാജിക് ഫ്രെയിംസ് റിലീസ്, പി ആർ ഓ : പ്രതീഷ് ശേഖർ എന്നിവരാണ് മറ്റ് അണിയറ പ്രവർത്തകർ

# 'മാർക്കോ' ഫസ്റ്റ് ലുക്ക് പോസ്റ്റർ

ഉണ്ണി മുകുന്ദൻ നായകനാക്കി ഹനീഫ് അദേനി തിരക്കഥ രചിച്ച് സംവിധാനം ചെയ്യുന്ന 'മാർക്കോ' എന്ന ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർഅഞ്ചു ഭാഷകളിലുമായി റിലീസ് ചെയ്തു. മുഖം നിറയെ ചോരപ്പാടുകളുമായി ചോര പിടയുന്ന കത്തിയും വായിൽ തിരുകി നായകനായ മാർക്കോ യുടെ പോസ്റ്ററാണ് പുറത്തുവിട്ടിരിക്കുന്നത് ക്യൂബ്സ് എന്റെർടൈൻമെന്റിന്റെ ബാനറിൽഷെരിഫ് മുഹമ്മദ്, ഉണ്ണി മുകുന്ദൻ ഫിലിംസ് എന്നിവർ ചേർന്നു നിർമ്മിക്കുന്ന ഈ ചിത്രത്തിൽ സിദ്ദിഖ്, ജഗദീഷ്, ആൻസൺ പോൾ, കബീർ ദുഹാൻസിങ്, യുക്തിത രേജ, ദിനേശ് പ്രഭാകർ, ,മാത്യു വർഗീസ്, അജിത് കോശി തുടങ്ങിയ പ്രമുഖരും അഭിനയിക്കുന്നു.നടൻ ഷമ്മി തിലകന്റെ മകൻ അഭിമന്യു തിലകൻ, ഇഷാൻ ഷൗക്കത്ത് എന്നിവരെ ഈ ചിത്രത്തിലൂടെ പരിചയപ്പെടുത്തുന്നു.ഒപ്പം നിരവധി പ്രമുഖ താരങ്ങളും അഭിനയിക്കുന്നു.മലയാളത്തിനു പുറമേ ഇംഗ്ലീഷ്, ഹിന്ദി. തെലുങ്ക് തമിഴ്, കന്നഡ ഭാഷകളിലും അവതരിപ്പിക്കുന്ന 'മാർക്കോ'പൂർണ്ണമായും ആക്ഷൻ ത്രില്ലർ,വയലൻസ് ചിത്രമാണ്.ഇൻഡ്യൻ സ്ക്രീനിലെ ഏറെ ഹരമായ രവി ബസ്രൂർ സംഗീതം പകരുന്നു.എഡിറ്റിംഗ് ഷെമീർ മുഹമ്മദ്,കലാസംവിധാനം സുനിൽ ദാസ്, മേക്കപ്പ് സുധി സുരേന്ദ്രൻ,കോസ്റ്റ്യൂംസ് ധന്യാ ബാലകൃഷ്ണൻ,സ്റ്റിൽസ് നന്ദുഗോപാലകൃഷ്ണൻ,ചീഫ് അസ്സോസ്സിയേറ്റ് ഡയറക്ടർ സ്യമന്തക് പ്രദീപ്,പ്രൊഡക്ഷൻ എക്സിക്കുട്ടീവ് ബിനു മണമ്പൂർ,പ്രൊഡക്ഷൻ കൺട്രോളർ ദീപക് പരമേശ്വരൻ,പ്രൊമോഷൻ കൺസൾട്ടന്റ് വിപിൻ കുമാർ മാർക്കറ്റിംഗ് 10ജി മീഡിയ,പി ആർ ഒഎ എ എസ് ദിനേശ്.




# സുമതി വളവ്: വിതരണാവകാശം ഡ്രീം ബിഗ് ഫിലിംസിന്

മാളികപ്പുറം ടീം വീണ്ടും ഒരുമിക്കുന്ന സുമതി വളവിന്റെ ഓൾ ഇന്ത്യ വിതരണാവകാശം ശ്രീ ഗോകുലം മൂവീസിന്റെ വിതരണാവകാശ പാർട്ട്നറായ ഡ്രീം ബിഗ് ഫിലിംസ് സ്വന്തമാക്കി. ജയ്ലർ, ജവാൻ, ലിയോ, പൊന്നിയിൻ സെൽവൻ 2, മഞ്ഞുമ്മൽ ബോയ്സ് തുടങ്ങി വമ്പൻ ഹിറ്റ് ചിത്രങ്ങൾ തിയേറ്ററിൽ എത്തിച്ച ഡ്രീം ബിഗ് ഫിലിംസ് 2024 ക്രിസ്മസ് റിലീസായയാണ് സുമതി വളവ് തിയേറ്ററിൽ എത്തിക്കുന്നത്. തൊണ്ണൂറുകളുടെ പശ്ചാത്തലത്തിൽ കഥ പറയുന്ന ചിത്രം ഹൊറർ കോമഡി ഗണത്തിലാണ് അണിയറയിൽ ഒരുങ്ങുന്നത്. വലിയ താരനിര അണിനിരക്കുന്ന ചിത്രത്തിന്റെ ലൊക്കേഷനുകൾ പാലക്കാട്, മൂന്നാർ, കുമളി, കമ്പം, തേനി, വട്ടവട തുടങ്ങിയവയാണ്.വാട്ടർമാൻ ഫിലിംസിന്റെ ബാനറിൽ ശ്രീ മുരളി കുന്നുംപുറത്ത് നിർമ്മിക്കുന്ന സുമതി വളവിന്റെ ടൈറ്റിൽ റിലീസ് പ്രൗഢ ഗംഭീരമായ ചടങ്ങിലാണ് കൊച്ചിയിൽ നേരത്തെ നടന്നത്. ഈ വർഷം ആഗസ്റ്റിൽ ചിത്രീകരണം ആരംഭിക്കുന്ന ചിത്രത്തിൽ അർജുൻ അശോകൻ, മാളവിക മനോജ് എന്നിവർ കേന്ദ്ര കഥാപാത്രങ്ങളിലെത്തുന്നു. മാളികപ്പുറം എന്ന സൂപ്പർ ഹിറ്റ് ചിത്രത്തിന്റെ സംവിധായകൻ വിഷ്ണു ശശിശങ്കർ, തിരക്കഥാകൃത്ത് അഭിലാഷ് പിള്ള, സംഗീത സംവിധായകൻ രഞ്ജിൻരാജ് എന്നിവർ വീണ്ടും ഒന്നിക്കുന്ന ചിത്രം കൂടിയാണിത്. ശ്യാം മോഹൻ, സജിൻ ഗോപു, ലാൽ, സൈജു കുറുപ്പ്, ജയകൃഷ്ണൻ, ദേവനന്ദ, ശ്രീപത്, നിരഞ്ജൻ മണിയൻപിള്ള രാജു, ഗോപിക, ജീൻ പോൾ എന്നിവരോടൊപ്പം മറ്റനേകം പ്രമുഖ താരങ്ങളും ചിത്രത്തിൽ അണിനിരക്കുന്നു. ദിനേശ് പുരുഷോത്തമൻ ഛായാഗ്രഹണം നിർവഹിക്കുന്ന ചിത്രത്തിന്റെ എഡിറ്റർ ഷെഫീക് മുഹമ്മദ് അലി ആണ്. സൗണ്ട് ഡിസൈനർ :എം ആർ രാജാകൃഷ്ണൻ, ആർട്ട് :അജയ് മാങ്ങാട്, കോസ്റ്റ്യൂം :സുജിത് മട്ടന്നൂർ, മേക്കപ്പ് :ജിത്തു പയ്യന്നൂർ, ചീഫ് അസോസിയേറ്റ് ഡയറക്ടർ: ബിനു. ജി. നായർ, സ്റ്റിൽസ് : രാഹുൽ തങ്കച്ചൻ, ടൈറ്റിൽ ഡിസൈൻ : ശരത് വിനു, പി ആർ ഓ: പ്രതീഷ് ശേഖർ.




# 'റേച്ചൽ ' ടീസർ റിലീസായി

ഹണി റോസിനെ കേന്ദ്ര കഥാപാത്രമാക്കി സംവിധായകൻ എബ്രിഡ് ഷൈൻ അവതരിപ്പിക്കുന്ന 'റേച്ചൽ'എന്ന ചിത്രത്തിന്റെ ടീസർ അഞ്ചു ഭാഷകളിലുമായിറിലീസായി.ആനന്ദിനി ബാല സംവിധാനം ചെയ്യുന്ന ഈ ചിത്രത്തിൽബാബുരാജ്, കലാഭവൻ ഷാജോൺ റോഷൻ, ചന്തു സലീംകുമാർ,ദിനേശ് പ്രഭാകർ,ബൈജു എഴുപുന്ന,വന്ദിത,ജാഫർ ഇടുക്കി, പോളി വത്സൻ, ജോജി, വിനീത് തട്ടിൽ, രാധിക തുടങ്ങിയ താരങ്ങളും അഭിനയിക്കുന്നു.ബാദുഷ പ്രൊഡക്ഷൻസിന്റെ ബാനറിൽ ബാദുഷ എൻ എം,രാജൻ ചിറയിൽ,എബ്രിഡ് ഷൈൻ എന്നിവർ ചേർന്ന് നിർമ്മിക്കുന്ന 'റേച്ചലി' ന്റെ ഛായാഗ്രഹണം നിർവഹിക്കുന്നത് സ്വരൂപ് ഫിലിപ്പ്.രാഹുൽ മണപ്പാട്ട്, എബ്രിഡ് ഷൈൻ എന്നിവർ ചേർന്ന് തിരക്കഥ സംഭാഷണമെഴുതുന്നു.എക്സിക്യൂട്ടീവ് പ്രൊഡ്യൂസർമഞ്ജു ബാദുഷ,ഷെമി ബഷീർ, ഷൈമ മുഹമ്മദ് ബഷീർ, കോ പ്രൊഡ്യൂസർഹന്നൻ മറമുട്ടം,ലൈൻ പ്രൊഡ്യൂസർപ്രിജിൻ ജി പി, പ്രൊജക്ട് കോ ഓർഡിനേറ്റർപ്രിയദർശിനി പി എം,കഥരാഹുൽ മണപ്പാട്ട്,സംഗീതം,ബിജിഎം ഇഷാൻ ചാബ്ര,സൗണ്ട് ഡിസൈൻ ശ്രീ ശങ്കർ, മിക്സിങ് രാജകൃഷ്ണൻ. എം. ആർ,എഡിറ്റർ മനോജ്, പ്രൊഡക്ഷൻ കൺട്രോളർപ്രവീൺ ബി മേനോൻ,പ്രൊഡക്ഷൻ ഡിസൈനർസുജിത് രാഘവ്, ആർട്ട്റസ്നേഷ് കണ്ണാടികുഴി,മേക്കപ്പ്രതീഷ് വിജയൻ, കോസ്റ്റ്യൂംസ്ജാക്കി,സ്റ്റിൽസ്നിദാദ് കെ.എൻ,പരസ്യക്കലടെൻ പോയിന്റ്,പ്രമോഷൻ സ്റ്റിൽസ്വിഷ്ണു ഷാജി, ചീഫ് അസോസിയേറ്റ് ഡയറക്ടർരതീഷ് പാലോട്, ഫിനാൻസ് കൺട്രോളർഷിജോ ഡൊമനിക്,ആക്ഷൻപി സി സ്റ്റണ്ട്സ്,സൗണ്ട് ഡിസൈൻശ്രീശങ്കർ,സൗണ്ട് മിക്സ്രാജാകൃഷ്ണൻ എം ആർ, പ്രൊഡക്ഷൻ എക്സിക്യൂട്ടിവ്സക്കീർ ഹുസൈൻ,വിതരണംഡ്രീം ബിഗ് ഫിലിംസ്,പി ആർ ഒഎ എസ് ദിനേശ്,



# പ്രതിരോധ കുത്തിവയ്പ്പ്: ഷെഡ്യൂൾ പുറത്തിറക്കി



**കൊച്ചി** :ഫെഡറേഷൻ ഓഫ് ഒബ്സ്റ്റട്രിക് ആൻഡ് ഗൈനക്കോളജിക്കൽ സൊസൈറ്റീസ് ഓഫ് ഇന്ത്യ (FOGSI) സ്ത്രീകൾക്കായി ഒരു സമഗ്രമായ പ്രതിരോധ കുത്തിവയ്പ്പ് ഷെഡ്യൂൾ പുറത്തിറക്കി. അവശ്യ വാക്സിനുകളും അവ ശുപാർശ ചെയ്യുന്ന ആവൃത്തികളും ഇതിൽ വിവരിക്കുന്നു. എംഎസ്ഡി ഫാർമയുമായി സഹകരിച്ചുള്ള ഈ സംരംഭം, സ്ത്രീകളുടെ പ്രതിരോധ കുത്തിവയ്പ്പിനെക്കുറിച്ച് അവബോധം വളർത്താനും ഇന്ത്യയിലെ സ്ത്രീകൾക്കിടയിൽ വാക്സിൻതടയാവുന്ന രോഗങ്ങൾ തടയാനും ലക്ഷ്യമിടുന്നുവെന്ന് ഫെഡറേഷൻ ഓഫ് ഒബ്സ്റ്റട്രിക് ആൻഡ് ഗൈനക്കോളജിക്കൽ സൊസൈറ്റീസ് ഓഫ് ഇന്ത്യ അധികൃതർ വ്യക്തമാക്കി.

# വിഎച്ച്പി മാതൃശക്തി സംഗമം നടത്തി




വിശ്വഹിന്ദു പരിഷത്ത് മഹാനഗരത്തിന്റെ നേതൃത്വത്തിൽ കലൂർ പാവക്കുളം ക്ഷേത്ര ഹാളിൽ നടന്ന 'ജനനി' മാതൃശക്തി സംഗമം ഡോ. അഞ്ജലി ഉദ്ഘാടനം ചെയ്യുന്നു. വി ശ്രീകുമാർ, പ്രസന്ന ബാഹുലേയൻ, ജയേഷ് കുമാർ സമീപം

**കൊച്ചി:** വിശ്വഹിന്ദു പരിഷത്ത് മഹാനഗരത്തിന്റെ നേതൃത്വത്തിൽ 'ജനനി' മാതൃശക്തി സംഗമവും കൗൺസിലിംഗും സംഘടിപ്പിച്ചു. കലൂർ പാവക്കുളം ക്ഷേത്ര ഹാളിൽ നടന്ന സംഗമം ഡോ. അഞ്ജലി ഉദ്ഘാടനം ചെയ്തു. വിഎച്ച്പി സംസ്ഥാന വൈസ് പ്രസിഡന്റ് പ്രസന്ന ബാഹുലേയൻ അധ്യക്ഷത വഹിച്ചു.വിഎച്ച് പി ജില്ലാ പ്രസിഡന്റ് വി ശ്രീകുമാർ, വൈസ് പ്രസിഡന്റ് ഡോ. സിന്ധു രവി , ജില്ലാ സെക്രട്ടറി പി കെ ജയേഷ്, ജോയിന്റ് സെക്രട്ടറിമാരായ മുരളി കൃഷ്ണൻ, പ്രശാന്ത് വർമ്മ, ബജ്രംഗ്ദൾ ജില്ലാ സംയോജക് മനു അശോക് , ദുർഗാവാഹിനി ജില്ലാ സംയോജിക കുമാരി അമൃത, ജില്ലാ അർച്ചക് പുരോഹിത് പ്രമുഖ് പി കെ ജയഗോപൻ, ജില്ലാ ധർമ്മ പ്രസാർ പ്രമുഖ് സോമനാഥൻ തുടങ്ങിയവർ പങ്കെടുത്തു. സൈക്കോളജിസ്റ്റ് അനൂപ് കുമാർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

# വായനാ വാരാചരണം:വിദ്യാർഥികൾക്ക് പുസ്തക ആസ്വാദന കുറിപ്പ് മത്സരം

**കൊച്ചി:** ജൂൺ 19 മുതൽ നടത്തുന്ന വായനാ പക്ഷാചരണത്തിന്റെ ഭാഗമായി എറണാകുളം ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെ ആഭിമുഖ്യത്തിൽ സ്കൂൾ വിദ്യാർഥികൾക്കായി പുസ്തക ആസ്വാദന കുറിപ്പ് മത്സരം സംഘടിപ്പിക്കുന്നു. ഹയർ സെക്കൻഡറി, ഹൈസ്കൂൾ കുട്ടികൾക്ക് പങ്കെടുക്കാം. വായിച്ചിട്ടുള്ള മലയാള പുസ്തകങ്ങളെ കുറിച്ചുള്ള ആസ്വാദന കുറിപ്പ് ആണ് വേണ്ടത്. മൂന്നു പേജിൽ കവിയരുത്. പ്രിൻസിപ്പൽ/ ഹെഡ്മാസ്റ്റർ സാക്ഷ്യപ്പെടുത്തലോടു കൂടിയ കുറിപ്പുകൾ ജൂൺ 25നകം തപാലിലോ ഇ മെയിലിലോ ലഭിച്ചിരിക്കണം. കുറിപ്പിൽ പേര്, ക്ലാസ്, സ്കൂൾ എന്നിവയും വീട് വിലാസം, ഫോൺ നമ്പർ (രക്ഷിതാക്കളുടെ) എന്നിവ നിശ്ചയമായും ചേർത്തിരിക്കണം. മികച്ച ആസ്വാദന കുറിപ്പുകൾക്ക് സർട്ടിഫിക്കറ്റ് നൽകും.ഇ മെയിൽ വിലാസം: dio.ekm@gmail.com തപാൽ: ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ,കണയന്നൂർ താലൂക്ക് ഓഫീസ്, പാർക്ക് അവന്യൂ റോഡ്, എറണാകുളം, കൊച്ചി:682011

# ഇന്ത്യ ടാലൻറ് കപ്പിൽ തിളങ്ങി ഹോണ്ട റേസിംഗ് ഇന്ത്യ ടീം

**കൊച്ചി:** മദ്രാസ് ഇൻറർനാഷണൽ സർക്യൂട്ടിൽ (ചെന്നൈ) ആരംഭിച്ച 2024 ഐഡിമിത്സു ഹോണ്ട ഇന്ത്യ ടാലൻറ് കപ്പിൻറെ എൻഎസ്എഫ്250ആർ വിഭാഗം ആദ്യ റൗണ്ടിൻറെ ആദ്യ റേസിൽ തിളക്കമാർന്ന പ്രകടനവുമായി ഹോണ്ട റേസിംഗ് ഇന്ത്യ ടീം. രക്ഷിത് എസ് ധവെ ഈ വിഭാഗത്തിൽ 11:12.157 സമയവുമായി ഒന്നാം സ്ഥാനത്ത് ഫിനിഷ് ചെയ്തു. 1:50.285 എന്ന മികച്ച ലാപ് സമയവും 16കാരനായ രക്ഷിത് കുറിച്ചു.ഇഞ്ചോടിഞ്ച് പോരാട്ടമായിരുന്നു രണ്ടാം സ്ഥാനത്തിന്. തൻറെ അന്താരാഷ്ട്ര പരിചയവുമായി ട്രാക്കിൽ ഇറങ്ങിയ മലപ്പുറം സ്വദേശി മൊഹ്സിൻ പി 0.443 സെക്കൻഡിൻറെ വ്യത്യാസത്തിൽ രണ്ടാം സ്ഥാനത്തെത്തി. 11:16.226 സമയത്തിലാണ് മൊഹ്സിൻ മുഴുവൻ ലാപ്പും പൂർത്തിയാക്കിയത്. എ. എസ് ജെയിംസ് 11:16.669 സമയത്തിൽ മൂന്നാം സ്ഥാനത്ത് ഫിനിഷ് ചെയ്തു.അഞ്ച് റൗണ്ടുകളാണ് 2024 ഐഡിമിത്സു ഹോണ്ട ഇന്ത്യ ടാലൻറ് കപ്പിൽ ഉണ്ടാവുക. ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ, ഒ




ക്ടോബർ മാസങ്ങളിൽ ചെന്നൈയിൽ തന്നെയായിരിക്കും മറ്റു റൗണ്ടുകളും അരങ്ങേറുക.

# ഫൈവ് സ്റ്റാർ സുരക്ഷാ റേറ്റിങ്ങ് നേടി പഞ്ച് ഇ.വി

കൊച്ചി: ടാറ്റ മോട്ടോർസിന്റെ ഉപസ്ഥാപനമായ ടാറ്റ പാസഞ്ചർ ഇലക്ട്രിക് മൊബിലിറ്റി ലിമിറ്റഡിന്റെ (ടി.പി.ഇ.എം) വാഹനങ്ങളായ പഞ്ച് ഇ.വി, നെക്സോൺ ഇ.വി എന്നിവയ്ക്ക് ഭാരത് എൻ.സി.എ.പി സുരക്ഷാ റേറ്റിങ്ങിൽ 5 സ്റ്റാർ റേറ്റിങ്. മുതിർന്ന യാത്രക്കാരുടെ സംരക്ഷണത്തിന് (എ.ഒ.പി) 31.46/32, ചൈൽഡ് ഒക്യുപേഷൻ പ്രൊട്ടക്ഷന് (സി.ഒ.പി) 45/49 പോയിന്റുകൾ, എന്നിവയാണ് പഞ്ച് ഇ.വിയ്ക്ക് കിട്ടിയിരിക്കുന്ന റേറ്റിങ്ങുകൾ. നെക്സോൺ ഇ.വി എ.ഒ.പിയ്ക്ക് 29.86/32, സി.ഒ.പിയ്ക്ക് 44.95/49 എന്നീ പോയിന്റുകളും നേടി. ഇതോടെ ഭാരത് എൻ.സി.എ.പി, ഗ്രോബൽ എൻ.സി.എ.പി ടെസ്റ്റുകളിൽ ഉടനീളം 5 സ്റ്റാർ സ്കോർ നേടുന്ന എസ്.യു.വി പോർട്ട്ഫോളിയോകളുടെ സുരക്ഷിതമായ ശ്രേണിയുള്ള ഒരേയൊരു ഒറിജിനൽ എക്യുപ്മെന്റ് മാനുഫാക്ചറർ (ഒ.ഇ.എം) ആണ് ടാറ്റ മോട്ടോർസ്നെക്സോൺ ഇ.വി, പഞ്ച് ഇ.വി എന്നിവയ്ക്ക് ഭാരത്എൻ.സി.എ.പിയുടെ കീഴിൽ 5 സ്റ്റാർ റേറ്റിങ്ങ് ലഭിച്ച ഈ സുപ്രധാന നാഴികക്കല്ലിൽ ടാറ്റാ മോട്ടോർസിന് ഹൃദയംഗമമായ അഭിനന്ദനങ്ങൾ അറിയിക്കുകയാണെന്ന് കേന്ദ്ര റോഡ് ട്രാൻസ്പോർട്ട് ആൻഡ് ഹൈവേ വകുപ്പ് മന്ത്രി നിതിൻ ഗഡ്കരി പറഞ്ഞു.




ഇന്ത്യയുടെ ഓട്ടോമൊബൈൽ വ്യവസായത്തെ 'ആത്മനിർഭർ' ആക്കുന്നതിൽ ഭാരത് എൻ.സി.എ.പിയുടെ പങ്ക് വളരെ വലുതാണ്. ഇന്ത്യയെ ആഗോള ഓട്ടോമൊബൈൽ ഹബ്ബാക്കി മാറ്റാനും അന്താരാഷ്ട്ര വിപണിയിൽ കയറ്റുമതി മൂല്യം വർധിപ്പിക്കാനുമുള്ള സർക്കാരിന്റെ കാഴ്ച്ചപ്പാട് സാക്ഷാത്കരിക്കുന്നതിൽ ഭാരത് എൻ.സി.എ.പി കാർ സുരക്ഷാ മാനദണ്ഡം നിർണായകമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# നവീകരിച്ച എസ് എൻ ഓഡിറ്റോറിയം നാടിനു സമർപ്പിച്ചു

**കൊച്ചി:** അയ്യപ്പൻകാവ് ശ്രീനാരായണ ധർമ്മ സമാജത്തിന്റെ നവീകരിച്ച എസ്.എൻ. ഓഡിറ്റോറിയം മേയർ എം.അനിൽകുമാർ ഉദ്ഘാടനം ചെയ്തു. നഗരത്തിലെ ഏറ്റവും മികച്ച ഓഡിറ്റോറിയമാണിതെന്ന് മേയർ ചൂണ്ടിക്കാട്ടി. ശ്രീനാരായണഗുരുവിന്റെ നാമധേയത്തിലുള്ള പ്രഭാഷണം ഓഡിറ്റോറിയത്തിൽ സംഘടിപ്പിക്കണമെന്നും മേയർ പറഞ്ഞു. ഗുരുദർശനങ്ങൾ സമൂഹത്തിലേക്ക് എത്തിക്കേണ്ടത് അനിവാര്യമാണെന്നും അദ്ദേഹം പറഞ്ഞു.




എസ്.എൻ.ഡി. സമാജം പ്രസിഡൻറ് സി.എം. ശോഭനൻ അധ്യക്ഷത വഹിച്ചു. ടി.ജെ. വിനോദ് എം.എൽ.എ മുഖ്യപ്രഭാഷണം നടത്തി. മേയർ എം. അനിൽകുമാർ, കാലടി സംസ്കൃത സർവ്വകലാശാല മുൻ വൈസ് ചാൻസിലർ കെ.എസ്. രാധാകൃഷ്ണൻ എന്നിവർ വിശിഷ്ടാതിഥികളായിരുന്നു.സെക്രട്ടറി പി.ഐ. രാജീവ്,അസി. സെക്രട്ടറി എ.പി. രഘുനന്ദനൻ, പി.ആർ. റിനീഷ്, മിനി ദിലീപ്, കാജൽ സലിം, പി.ബി. സുനിലാൽ, പി.ബി. റൂസ് വെൽട്ട് എന്നിവർ പ്രസംഗിച്ചു.

# മഹീന്ദ്ര ആർഒ പാഡി വാക്കർ കേരളത്തിൽ അവതരിപ്പിച്ചു

**കൊച്ചി :** മഹീന്ദ്ര ഗ്രൂപ്പിൻറെ ഭാഗമായ മഹീന്ദ്ര ആൻഡ് മഹീന്ദ്ര ലിമിറ്റഡിന്റെ ഫാം എക്യുപ്മെൻറ് സെക്ടർ (എഫ്ഇഎസ്) മഹീന്ദ്ര 6ആർഒ പാഡി വാക്കർ എന്ന പേരിൽ പുതിയ ആറുനിര നെൽ പറിച്ചുനടൽ യന്ത്രം പുറത്തിറക്കി. 4ആർഒ വാക്ക് ബിഹൈൻഡ് ട്രാൻസ്പ്ലാൻറർ (എംപി461), 4ആർഒ റൈഡ്ഓൺ (പ്ലാൻറിങ് മാസ്റ്റർ പാഡി 4ആർഒ) എന്നിവ കേരളത്തിൽ വിജയകരമായി അവതരിപ്പിച്ചതിന് ശേഷമാണ് മഹീന്ദ്ര ആൻഡ് മഹീന്ദ്ര ലിമിറ്റഡ് പുതിയ മഹീന്ദ്ര 6ആർഒ പാഡി വാക്കർ വിപണിയിലെത്തിക്കുന്നത്. നെല്ല് പ്രധാന വിളയായ കേരളം ലോകോത്തര നിലവാരമുള്ള അരിയും ഉത്പാദിപ്പിക്കുന്നുണ്ട്. കൂടാതെ നെൽ യന്ത്രവൽക്കരണ സാങ്കേതികവിദ്യ ആദ്യകാലം മുതൽ അവലംബിക്കുന്നതിനാൽ സംസ്ഥാനത്തിൻറെ വിവിധ ഭാഗങ്ങളിൽ ഉയർന്ന ഗുണമേന്മയുള്ള അരി വിളയുന്നുമുണ്ട്. ജലസംരക്ഷണം, കുറഞ്ഞ പരിസ്ഥിതി ആഘാതം എന്നിവ സാധ്യമാക്കുന്നതാണ് മഹീന്ദ്രയുടെ പുതിയ 6ആർഒ പാഡി വാക്കറെന്ന്  കമ്പനി അധികൃതർ വ്യക്തമാക്കി.നെൽക്ക്യഷിയുമായി ബന്ധപ്പെട്ട മൊത്തത്തിലുള്ള ലാഭക്ഷമത വർധിപ്പിക്കുന്നതിനോടൊപ്പം ലേബർ ഇൻറൻസീവ് ടെക്നിക്കുകളുമായി താരതമ്യപ്പെടുത്തുമ്പോൾ കുറഞ്ഞ തൊഴിൽ ചെലവും ഇത് വാഗ്ദാനം ചെയ്യുന്നു.മികച്ച ഓപ്പറേറ്റർ കാര്യക്ഷമതയാണ് പുതിയ മഹീന്ദ്ര 6ആർഒ പാഡി വാക്കറിൻറെ മറ്റൊരു സവിശേഷത. കൃത്യവും കാര്യക്ഷമവുമായ പറിച്ചുനടലിനായി രൂപകൽപന ചെയ്തിരിക്കുന്ന ഈ ഉത്പന്നം, നെൽകൃഷിയിൽ പുതിയ മാനദണ്ഡങ്ങൾ സ്ഥാപിക്കാനും ലക്ഷ്യമിടുന്നു. സ്വമേധയാ പ്രവർത്തിപ്പിക്കാവുന്ന ഒതുക്കമുള്ള രൂപകൽപനയിൽ വരുന്ന പുതിയ ട്രാൻസ്പ്ലാൻറർ ഏകീകൃത പറിച്ചുനടലിനായി ഒരേസമയം ആറ് വരികളിലായി ഒറ്റ പാസിൽ പരിമിതമായ ഇടങ്ങളിൽ പോലും എളുപ്പത്തിൽ വിദഗ്ധമായി പ്രയോഗിക്കാനാവും. കരുത്ത്, വിശ്വാസ്യത, പ്രകടനം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന പുതിയ നെൽ ട്രാൻസ്പ്ലാൻററിൽ 4 ലിറ്റർ ശേഷിയുള്ള ഉയർന്ന ഡ്യൂറബിൾ ഗിയർബോക്സും ശക്തമായ എഞ്ചിനും സജ്ജീകരിച്ചിട്ടുണ്ട്. ഇത് കൂടിയ സർവീസ് ഇടവേളകൾക്കൊപ്പം കുറഞ്ഞ ഇന്ധന ഉപഭോഗവും, നെൽക്ക്യഷിയിൽ ഉയർന്ന ഉൽപ്പാദനവും ഉറപ്പുനൽകുന്നു2 വർഷത്തെ തിരിച്ചടവ് കാലാവധിയും, ചുരുങ്ങിയത് 200 ഏക്കർ പ്രവർത്തന വിസ്തീർണവുമുള്ള പുതിയ പാഡി വാക്കർ ട്രാൻസ്പ്ലാൻറർ റെൻറൽ ബിസിനസുകൾക്കും മികച്ച സാധ്യതകൾ വാഗ്ദാനം ചെയ്യുന്നു. കേരളത്തിലെ മഹീന്ദ്രയുടെ വിപുലമായ ഫാം മെഷിനറി ഡീലർ ശൃംഖലയിലൂടെ പുതിയ മഹീന്ദ്ര 6ആർഒ പാഡി വാക്കർ വാങ്ങാം. ?മഹീന്ദ്ര സാത്തി? എന്ന മഹീന്ദ്രയുടെ പുതിയ ആപ്പ് വഴി യന്ത്രം നിരീക്ഷിക്കാനും യാത്രയ്ക്കിടയിൽ പോലും വേഗത്തിലും എളുപ്പത്തിലും സേവനങ്ങൾ ഉറപ്പാക്കാനും സാധിക്കും. പുതിയ മഹീന്ദ്ര 6ആർഒ പാഡി വാക്കറും, മഹീന്ദ്രയുടെ മറ്റു പാഡി ട്രാൻസ്പ്ലാൻററുകളും വാങ്ങുമ്പോൾ മഹീന്ദ്ര ഫിനാൻസ്, ശ്രീറാം ഫിനാൻസ് എന്നിവയിൽ നിന്നുള്ള മികച്ച ഫിനാൻസിങ് ഓപ്ഷനുകളും ലഭ്യമാണെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.



# ഫീനിക്സ് പ്രീമിയം ഗ്ലാസ് ഡോർ റഫ്രിജറേറ്ററുമായി ഹയർ ഇന്ത്യ

**കൊച്ചി:** 15 വർഷം തുടർച്ചയായി ഒന്നാം നമ്പർ ആഗോള പ്രമുഖ ഉപകരണ ബ്രാൻഡായ ഹയർ അപ്ലയൻസസ് ഇന്ത്യ, ഫീനിക്സ് എന്ന പ്രീമിയം ഗ്ലാസ് ഡോർ റഫ്രിജറേറ്ററുകളുടെ സീരീസ് പുറത്തിറക്കി. ഡയറക്ട് കൂൾ ഗ്ലാസ് ഡോർ റഫ്രിജറേറ്ററുകളുടെ വിശാലമായ ശ്രേണി വാഗ്ദാനം ചെയ്യുന്ന വ്യവസായത്തിന്റെ ഒരേയൊരു ബ്രാൻഡായതിനാൽ, പുതിയ സീരീസ് ഒരു സുഗമവും പ്രീമിയവുമായ ഗ്ലാസ് ഡിസൈൻ വാഗ്ദാനം ചെയ്തുകൊണ്ട് ഏത് അടുക്കളയ്ക്കും അത്യാധുനികതയുടെ  സ്പർശം നൽകുന്നു. 21000 രൂപ മുതൽ ആരംഭിക്കുന്ന ഫീനിക്സ് റഫ്രിജറേറ്ററുകളുടെ പുതിയ ശ്രേണി 180, 190 ലിറ്റർ മോഡലുകളിൽ എല്ലാ പ്രമുഖ റീട്ടെയിൽ സ്റ്റോറുകളിലും ലഭ്യമാകും.പ്രീമിയം ഗ്ലാസ് ഫിനിഷും ദൃഢമായ ഡിസൈനും,  കടുപ്പമേറിയ ഗ്ലാസ് ഷെൽഫുകൾ, ശീതീകരിക്കാത്ത ഭക്ഷണ സാധനങ്ങൾക്കും പച്ചക്കറികൾക്കും അധിക സംഭരണം നൽകാൻ ബേസ് ഡ്രോയർ, കാര്യക്ഷമമായ തണുപ്പിക്കലിനായി ഡയമണ്ട് എഡ്ജ് ഫ്രീസിംഗ് ടെക്നോളജി, വോൾട്ടേജ്  ഏറ്റക്കുറച്ചിലുകൾക്കിടയിലും തടസ്സമില്ലാത്ത പ്രകടനത്തിനായി സ്റ്റെബിലൈസർഫ്രീ ഓപ്പറേഷൻ, എളുപ്പത്തിൽ നീക്കം ചെയ്യാവുന്ന ആന്റി ബാക്ടീരിയൽ ഗാസ്കട്ട്, 2, 3, 5സ്റ്റാർ ആളള റേറ്റിംഗുകൾ നൽകുന്ന ഊർജ്ജ ക്ഷമത എന്നിങ്ങനെ ആധുനിക സൗകര്യങ്ങളോടെ വരുന്ന പുതിയ ഫീനിക്സ് സീരീസിൽ രണ്ട് മോഡലുകൾക്കും 10 വർഷത്തെ കംപ്രസർ വാറന്റി കമ്പനി വാഗ്ദാനം ചെയ്യുന്നു. ഇതോടൊപ്പം, ഉപഭോക്താക്കൾക്ക് 180 ലിറ്ററിന് 1 വർഷത്തെ ഉൽപ്പന്ന വാറന്റിയും 190 ലിറ്ററിന് 2 വർഷത്തെ ഉൽപ്പന്ന വാറന്റിയും ലഭിക്കുമെന്ന് ഹെയർ അപ്ലയൻസസ് ഇന്ത്യ പ്രസിഡന്റ് എൻ എസ് സതീഷ് പറഞ്ഞു വിപുലമായ ഫീച്ചറുകളും അസാധാരണമായ പ്രകടനവും കൊണ്ട്, ഞങ്ങളുടെ ഏറ്റവും പുതിയ റഫ്രിജറേറ്ററുകളുടെ പരമ്പര ഗൃഹോപകരണ വ്യവസായത്തിൽ ഒരു പുതിയ മാനദണ്ഡം സൃഷ്ടിക്കുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ടെന്നും എൻ എസ് സതീഷ് പറഞ്ഞു



# ആമസോൺ ഫ്രെഷ് കൂടുതൽ നഗരങ്ങളിലേക്ക് വ്യാപിപ്പിക്കുന്നു




**കൊച്ചി:** ആമസോൺ ഫ്രെഷ് 130ലധികം നഗരങ്ങളിലേക്ക് കൂടി വിപുലീകരിക്കുന്നതായി ആമസോൺ ഇന്ത്യ പ്രഖ്യാപിച്ചു. ഫ്രൂട്ട്സ്, വെജിറ്റബിൾസ്, ബേബി, ബ്യൂട്ടി, പേഴ്സണൽ കെയർ, ചിൽഡ് ഉൽപ്പന്നങ്ങൾ, പെറ്റ് ഉൽപ്പന്നങ്ങൾ എന്നിങ്ങനെ നിത്യോപയോഗ സാധനങ്ങളുടെ ഫുൾബാസ്ക്കറ്റ് ഗ്രോസറി സർവ്വീസാണ് കൂടുതൽ  നഗരങ്ങളിലേക്ക് വ്യാപിപ്പിക്കുന്നത്. 11,000ത്തിലധികം കർഷകരിൽ നിന്ന് ആമസോൺ ഫ്രെഷ് സെല്ലേഴ്സ് പഴങ്ങളും പച്ചക്കറികളും വാങ്ങി 4ഘട്ട ക്വാളിറ്റി പരിശോധനയിലൂടെ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കും. ആമസോൺ ഫ്രെഷ്  സെല്ലർമാരിൽ നിന്നും ബാങ്ക് പങ്കാളികളിൽ നിന്നും മികച്ച ഓഫറുകളും ഡീലുകളും നേടാം.ഈസി സെലക്ഷനും നാവിഗേഷനും ഉൾപ്പെടെ സൗകര്യപ്രദമായ ഫീച്ചറുകൾക്കൊപ്പം ആമസോൺ ഫ്രെഷ് അനായാസ ഷോപ്പിംഗ് അനുഭവമാണ് പ്രദാനം ചെയ്യുന്നതെന്ന് ആമസോൺ ഫ്രെഷ് ഇൻ ഡയറക്ടർ ശ്രീകാന്ത് ശ്രീറാം പറഞ്ഞു. കൂടാതെ മാംഗോ സ്റ്റേറ്റർ, സമ്മർ സ്റ്റേറ്റർ എന്നിങ്ങനെയുള്ള ഇവന്റുകളും എല്ലാ മാസവും ഒന്നു  മുതൽ ഏഴു വരെയുള്ള സൂപ്പർ വാല്യൂ ദിനങ്ങളും ഉപഭോക്താക്കൾക്ക് കൂടുതൽ മികച്ച മൂല്യം നൽകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കാന്ത് ശ്രീറാം പറഞ്ഞു. കൂടാതെ മാംഗാ സ്റ്റേറ്റർ, സമ്മർ സ്റ്റേറ്റർ എന്നിങ്ങനെയുള്ള ഇവന്റുകളും എല്ലാ മാസവും ഒന്നു  മുതൽ ഏഴു വരെയുള്ള സൂപ്പർ വാല്യൂ ദിനങ്ങളും ഉപഭോക്താക്കൾക്ക് കൂടുതൽ മികച്ച മൂല്യം നൽകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# നാളികേര വികസന ബോർഡിന്റെ തെങ്ങിൻതൈകൾ വിൽപനയ്ക്ക്

**കൊച്ചി:** നാളികേര വികസന ബോർഡിന്റെ നേര്യമംഗലം വിത്തുൽപാദന പ്രദർശന തോട്ടത്തിൽ നെടിയ ഇനം തെങ്ങിൻ തൈകൾ 100 രൂപ നിരക്കിലും, കുറിയ ഇനങ്ങൾ 110 രൂപ നിരക്കിലും, സങ്കര ഇനങ്ങൾ 250 രൂപ നിരക്കിലും വിതരണം ചെയ്യുന്നു. ആവശ്യമുള്ള കർഷകർക്കും, കൃഷി ഓഫീസർമാർക്കും ഫാമിലെത്തി തൈകൾ നേരിട്ട് വാങ്ങാം. കൂടുതൽ വിവരങ്ങൾക്ക് 0485 2554240, 8547992819 എന്ന നമ്പറിൽ ബന്ധപ്പെടുക.  നാളികേര കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നാളികേര വികസന ബോർഡ് തെങ്ങുപുതുകൃഷി പദ്ധതിയിലൂടെ കർഷകർക്ക് സാമ്പത്തിക സഹായം നൽകുന്നു.  തെങ്ങിനത്തേയും സ്ഥലത്തേയും അടിസ്ഥാനമാക്കി ഒരു ഹെക്ടറിന് 6500 രൂപ മുതൽ 15000 രൂപ വരെ രണ്ട് തുല്യ വാർഷിക ഗഡുക്കളായാണ് സാമ്പത്തിക സഹായം നൽകുന്നത്. 0.1 ഹെക്ടറിൽ (25 സെന്റ്) കുറയാതെ, പരമാവധി നാല് ഹെക്ടർ വരെ സ്വന്തമായുള്ള കൃഷിഭൂമിയിൽ പത്ത് തെങ്ങിൻ തൈകളെങ്കിലുമുള്ള കർഷകർക്ക് സബ്സിഡിക്ക് അപേക്ഷിക്കാം. അപേക്ഷാഫോം ബോർഡിന്റെ വെബ് സൈറ്റിൽ നിന്നു ലഭിക്കും (https://coconutboard.gov.in/Applicationforms.aspx).  പൂരിപ്പിച്ച അപേക്ഷകൾ കൃഷി ഓഫീസറുടെ സാക്ഷ്യപത്രം സഹിതം ബോർഡിൽ സമർപ്പിക്കുന്ന കർഷകർക്ക് സബ്സിഡി തുക ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് ലഭിക്കും. ഒന്നാം വർഷ സബ്സിഡി ലഭിച്ചതിനു ശേഷം രണ്ടാം വർഷത്തിലേയ്ക്കുള്ള അപേക്ഷ പൂരിപ്പിച്ച് കൃഷി ഓഫീസറുടെ സാക്ഷ്യപത്രത്തോടൊപ്പം സമർപ്പിക്കാം. പദ്ധതിയെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് നാളികേര വികസന ബോർഡിന്റെ 0484- 2377266 എന്ന നമ്പറിൽ ബന്ധപ്പെടുക.

# ഐഐടി മദ്രാസിൽ ബി.ടെക് എഐ, ഡാറ്റാ അനലിറ്റിക്സ് പ്രോഗ്രാം

**തിരുവനന്തപുരം :** ഐഐടി മദ്രാസ് ബിടെക് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡാറ്റ അനലിറ്റിക്സ് കോഴ്സുകളാരംഭിച്ചു. 2024 25 അധ്യയന വർഷം മുതൽ വിദ്യാർത്ഥികൾക്ക് പ്രവേശനമുണ്ടാകും. വാധ്വാനി സ്കൂൾ ഓഫ് ഡാറ്റാ സയൻസ് ആൻഡ് എഐ മുഖേനയാണ് കോഴ്സ് നടപ്പാക്കുന്നത്.എഐ, ഡാറ്റാ അനലിറ്റിക്സ് എന്നിവയുടെ വിവിധ വശങ്ങളിൽ വൈദഗ്ദ്ധ്യം വളർത്തിയെടുക്കാൻ പ്രോഗ്രാം ലക്ഷ്യമിടുന്നു. ജെഇഇ വഴി പ്രവേശനം നേടുന്ന 50 വിദ്യാർത്ഥികളായിരിക്കും ഇതിന് ഉണ്ടാവുക. വ്യത്യസ്തമായ ഇന്റർ ഡിസിപ്ലിനറി ഫ്ളേവറിനു പുറമെ ഗണിത അടിസ്ഥാനകാര്യങ്ങൾ, ഡാറ്റാ സയൻസ് /എഐ/എംഎൽ ഫൗണ്ടേഷനുകൾ, ആപ്ലിക്കേഷൻ ഡെവലപ്മെന്റ്, റെസ്പോൺസിബിൾ ഡിസൈൻ എന്നിവയ്ക്ക് മികച്ച ഊന്നൽ നൽകും. ജോയിന്റ് സീറ്റ് അലോക്കേഷൻ അതോറിറ്റി (ജെഒഎസ്എഎ) 2024 ബാച്ചിലേക്കുള്ള കൗൺസലിംഗ് നിലവിൽ നടന്നുകൊണ്ടിരിക്കുകയാണ്. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

# എംവേഴ്സിറ്റി സ്കൂൾ ഓഫ് അലൈഡ് ഹെൽത്ത് സയൻസസ് കൊച്ചിയിൽ കാമ്പസ് ആരംഭിച്ചു

**കൊച്ചി:** എംവേഴ്സിറ്റി സ്കൂൾ ഓഫ് അലൈഡ് ഹെൽത്ത് സയൻസസിന്റെ കൊച്ചി കാമ്പസ് പ്രവർത്തനം ആരംഭിച്ചു. കലൂരിലെ കാമ്പസിന്റെ ഉദ്ഘാടനച്ചടങ്ങിൽ ഹൈബി ഈഡൻ എംപി, ടി.ജെ. വിനോദ് എംഎൽഎ തുടങ്ങിയ പ്രമുഖർ പങ്കെടുത്തു. ആരോഗ്യപരിചരണ രംഗത്ത് നേഴ്സിങ്ങിൽ മുൻപന്തിയിൽ നിൽക്കുന്ന കേരളത്തെ അലൈഡ് ഹെൽത്ത് കെയർ രംഗത്തും കൂടുതൽ അവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട് ഒന്നാം സ്ഥാനത്തെത്തിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് ഹൈബി ഈഡൻ എംപി പറഞ്ഞു. സംസ്ഥാനത്തെ യുവജനങ്ങൾക്ക് മികച്ച പരിശീലനം നൽകി അവരുടെ നൈപുണ്യം വർധിപ്പിക്കാൻ സർക്കാർ നടത്തുന്ന ശ്രമങ്ങൾക്ക് പുറമേ എംവേഴ്സിറ്റി പോലുള്ള സ്വകാര്യ സംരംഭകരെയും പ്രോത്സാഹിപ്പിക്കേണ്ടതുണ്ടെന്ന് ചടങ്ങിൽ സംസാരിച്ച ടി.ജെ. വിനോദ് എംഎൽഎ പറഞ്ഞു.മികച്ച കരിയർ കരസ്ഥമാക്കുന്നതിന് വിദ്യാർഥികളെ ആധുനികകാല നൈപുണ്യങ്ങളോടെ ശാക്തീകരിക്കുകയെന്ന ആശയത്തിൽ നിന്നാണ് എംവേഴ്സിറ്റി പിറന്നതെന്ന് ചടങ്ങിൽ സംസാരിച്ച എംവേഴ്സിറ്റി സീനിയർ വൈസ് പ്രസിഡന്റ് ആകാശ് കൽപ് വ്യക്തമാക്കി. എംവേഴ്സിറ്റി നൽകുന്ന പ്രോഗ്രാമുകൾ വിദ്യാർഥികൾക്ക് പഠനത്തിനിടെ തന്നെ തൊഴിൽ പരിശീലനവും ഒരു ലക്ഷം രൂപയുടെ സ്റ്റൈപ്പൻഡും വാഗ്ദാനം ചെയ്യുന്നു. ഇന്ത്യയിൽ നിലവിൽ 65 ലക്ഷം അലൈഡ് ഹെൽത്ത്കെയർ പ്രൊഫഷണലുകളുടെ കുറവുണ്ടെന്ന വസ്തുതയിൽ നിന്നാണ് ഈ മേഖലയിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ തങ്ങളെ പ്രേരിപ്പിച്ചതെന്നും ആകാശ് കൽപ് പറഞ്ഞു. അനുയോജ്യമായ വിദ്യാഭ്യാസത്തിലൂടെ കഴിവുള്ള വിദ്യാർഥികളെ ഉചിതമായ പാതയിലേക്ക് നയിക്കേണ്ടതുണ്ട്. ഇന്ത്യയുടെ വിദ്യാഭ്യാസ രംഗത്ത് ഒരു പൊളിച്ചെഴുത്തുണ്ടാക്കാനാണ് എംവേഴ്സിറ്റി ശ്രമിക്കുന്നത്. ഇത് അതിന്റെ തുടക്കം മാത്രമാണെന്നും ആകാശ് കൽപ് കൂട്ടിച്ചേർത്തു.ഇന്ത്യയിലെ അലൈഡ് ഹെൽത്ത്കെയർ രംഗത്തിന്റെ അതിവേഗ വളർച്ചയ്ക്ക് ആനുപാതികമായി നൂതന അധ്യാപനരീതികളോടെയുള്ള കോഴ്സുകളാണ് തങ്ങൾ ലഭ്യമാക്കുന്നതെന്ന് എംവേഴ്സിറ്റിയുമായുള്ള പങ്കാളിത്തത്തെക്കുറിച്ച് സംസാരിച്ച ജെയിൻ യൂണിവേഴ്സിറ്റി ന്യൂ ഇനീഷ്യേറ്റിവ്സ് ഡയറക്ടർ ടോം ജോസഫ് പറഞ്ഞു.



## ഫാൽക്കൺ ടെക്നോപ്രോജക്ട്സ് ഐപിഒ ഇന്ന് മുതൽ

**കൊച്ചി:** ഫാൽക്കൺ ടെക്നോപ്രോജക്ട്സ് ഇന്ത്യ ലിമിറ്റഡിന്റെ എസ്എംഇ പബ്ലിക് ഇഷ്യുവിന് ഇന്ന് തുടക്കം. എസ്എംഇ പബ്ലിക് ഇഷ്യുവിൽ നിന്ന് 13.69 കോടി രൂപ വരെ സമാഹരിക്കാനാണ് പദ്ധതിയിടുന്നത്. പബ്ലിക് ഇഷ്യൂ ഇന്ന് സബ്സ്ക്രിപ്ഷനായി തുറന്ന് ജൂൺ 21ന് അവസാനിക്കും. അപേക്ഷയ്ക്കുള്ള ഏറ്റവും കുറഞ്ഞ ലോട്ട് സൈസ് 1200 ഷെയറുകളാണ്. ഏറ്റവും കുറഞ്ഞ ഐപിഒ അപേക്ഷാ തുക 1,10,400 രൂപ. പബ്ലിക് ഇഷ്യൂവിന്റെ വരുമാനം കമ്പനിയുടെ പ്രവർത്തന മൂലധന ആവശ്യകതകളും പൊതു കോർപ്പറേറ്റ് ഉദ്ദേശ്യങ്ങളും നിറവേറ്റുന്നതുൾപ്പെടെയുള്ള വിപുലീകരണ പദ്ധതികൾക്ക് ധനസഹായം നൽകുന്നതിന് വിനിയോഗിക്കും. കെഫിൻ ടെക്നോളജി ലിമിറ്റഡ് ആണ് ഇഷ്യുവിന്റെ ലീഡ് മാനേജർ.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** എൽ ബി എസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയും സ്കിൽ അപെക്സ് അക്കാഡമിയും ചേർന്ന് കളമശ്ശേരി എൽ ബി എസ് സെന്ററിൽ നടത്തുന്ന 'ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ' എന്ന ഹ്രസ്വകാല കോഴ്സിലേക്ക് അഡ്മിഷൻ ആരംഭിച്ചു. കേന്ദ്ര സർക്കാർ അംഗീകാരത്തോടെനടത്തുന്ന ഈ കോഴ്സിന്റെ യോഗ്യത എസ്എസ്എൽസി/പ്ലസ് ടു/ഡിഗ്രി. താല്പര്യമുള്ളവർക്ക് നേരിട്ടെത്തി അഡ്മിഷൻ എടുക്കാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 9746367093, 8606799663

# സെഞ്ചുറി ഫാമിലി ക്ലബ്ബ് കൗൺസിൽ വാർഷികാഘോഷം




എറണാകുളം സെഞ്ചുറി ഫാമിലി ക്ലബ്ബ് 2023–25 വർഷത്തെ കൗൺസിലിന്റെ ഒന്നാം വാർഷികാഘോഷം കലൂർ ഐഎംഎ ഹൗസിൽ ക്ലബ്ബ് പ്രസിഡന്റ് എം വി തോമസ് ഉദ്ഘാടനം ചെയ്യുന്നു. ഡോ.ടി കെ അജയകുമാർ, കെ ആർ സജീവ്, എൻ പി ജോൺസൺ തുടങ്ങിയവർ സമീപം

**കൊച്ചി:** എറണാകുളം സെഞ്ചുറി ഫാമിലി ക്ലബ്ബ് 2023–25 വർഷത്തെ കൗൺസിലിന്റെ ഒന്നാം വാർഷികാഘോഷം കലൂർ ഐഎംഎ ഹൗസിൽ നടന്നു. ക്ലബ്ബ് പ്രസിഡന്റ് എം വി തോമസ് ഉദ്ഘാടനം ചെയ്തു. ഓൾ കേരള ക്ലബ്ബ് അസോസിേയഷൻ പ്രസിഡന്റ് ജോസുകുട്ടി സേവ്യർ, സെഞ്ചുറി ക്ലബ്ബ് മുൻ പ്രസിഡന്റ് ഡോ.ടി കെ അജയകുമാർ, സെക്രട്ടറി കെ ആർ സജീവ്, വൈസ് പ്രസിഡന്റ് എൻ പി ജോൺസൺ, ക്ലബ്ബ് സ്ഥാപക അംഗം സാംസൺ, ഏഷ്യാനെറ്റ് ന്യൂസ് വൈസ് പ്രസിഡന്റ് ബി കെ ഉണ്ണി, നെസ്റ്റ് ഡയറക്ടർ ഇക്ബാൽ, ബ്രൈറ്റ് കമ്മ്യൂണിക്കേഷൻ എം.ഡി കെ വി ഷാജി, ക്ലബ്ബ് അംഗം ഷാജി തുടങ്ങിയവർ സംസാരിച്ചു.തുടർന്ന് ഗാനമേളയും ഉണ്ടായിരുന്നു.

## ഗോദാവരി ബയോറിഫൈനറീസ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** ഇന്ത്യയിൽ എത്തനോൾ അധിഷ്ഠിത രാസവസ്തുക്കളുടെ ഉല്പാദകരിൽ മുന്നിരക്കാരായ ഗോദാവരി ബയോറിഫൈനറീസ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ സമർപ്പിച്ചു. 325 കോടി രൂപയുടെ പുതിയ ഓഹരികളും പ്രമോട്ടർമാരുടെയും നിലവിലുള്ള ഓഹരി ഉടമകളുടെയും ഓഹരി ഒന്നിന് പത്ത് രൂപ മുഖവിലയുള്ള 6,526,983 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇക്വിറസ് ക്യാപ്പിറ്റൽ പ്രൈവറ്റ് ലിമിറ്റഡ്, എസ്ബിഐ ക്യാപ്പിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ്എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | 100% GUARANTEED | ISO 9001 CERTIFIED | LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663